# SCTIMST @ PRINT

# ഇന്ത്യയെ ചികിത്സാ ഉപകരണങ്ങളുടെ കയറ്റുമതി രാജ്യമാക്കും

## ശ്രീചിത്ര കോൺക്ലേവ് സമാപിച്ചു

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

2047ൽ ഇന്ത്യയെ ചികിത്സാ ഉപകരണങ്ങളുടെ കയറ്റുമതി രാജ്യമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് വിദഗ്ധർ. ശ്രീചിത്ര കോൺക്ലേവിലെ വട്ടമേശ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്. കേരളം മെഡിക്കൽ ഡിവൈസുകളുടെ ഇന്ത്യയിലെ ഹബ് ആകണമെന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം പൂർത്തീകരിക്കാനുള്ള ശ്രമത്തിന് ഊന്നൽ നൽകും. ഇതുസംബന്ധിച്ച് ധവളപത്രമിറക്കാനും തീരുമാനിച്ചു. കോൺക്ലേവ് ചൊവ്വാഴ്ച സമാപിച്ചു.

വിദേശ ചികിത്സാ ഉപകരണങ്ങളിലുള്ള ഗുണനിലവാരം ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കുമുണ്ടെങ്കിലും അവയുടെ സ്വീകാര്യത കുറവാണ്. ഹാർട്ട് വാൽവും ബ്ലഡ് ബാഗുമടക്കം വിദേശ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിൽ ഒട്ടും പിന്നിലല്ല ഇന്ത്യൻനിർമിത ഉൽപ്പന്നങ്ങളും. ലോകത്തെ 78 രാജ്യങ്ങളിൽ നമ്മുടെ ബ്ലഡ് ബാഗ് ഉപയോഗിക്കുന്നുണ്ട്. ശ്രീചിത്രയുടെ സഹകരണത്തോടെ 150 മില്യൺ ബ്ലഡ് ബാഗാണ് നിർമിക്കുന്നത്. വിദേശ ഉൽപ്പന്നങ്ങളോടുള്ള ഭ്രമം മാറ്റിയെടുക്കാൻ ബോധവൽക്കരണം നടത്താനും തീരുമാനിച്ചു.

ഇതിനായി കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെയുള്ള പ്രവർത്തനമാണ് പ്രതീക്ഷിക്കുന്നത്. 15 വർഷംമുമ്പ് വിദേശ ഹൃദയവാൽവിന് ഒന്നരലക്ഷം രൂപ കൊടുത്തിരുന്നുവെങ്കിൽ അതേ ഗുണനിലവാരത്തിലുള്ള ഇന്ത്യൻ നിർമിത വാൽവ് ഇന്ന് 20,000 രൂപയ്ക്ക് ലഭിക്കും. ഇന്ത്യയിലും സമീപ രാജ്യങ്ങളിലുമായി 1,60,000 ആൾക്കാരിൽ ഈ വാൽവ് വച്ചുപിടിപ്പിച്ചു. 27 വർഷംമുമ്പ് ആദ്യ ഇന്ത്യൻ വാൽവ് വച്ചയാളെ രണ്ടുവർഷം മുമ്പ് ആദരിക്കുകയും ചെയ്തു. ഇതിനേക്കാൾ കൂടുതൽ കാലാവധിയുള്ള വാൽവും അടുത്തകാലത്ത് യാഥാർഥ്യമാക്കി.

ഡോ. വൃഷാമാധുരി, ഡോ. സുമൻ ബില്ല, ഡോ. ഹരികിഷോർ, ജി ഉണ്ണികൃഷ്ണൻ എന്നിവർ പ്രധാന അതിഥികളായി.

SCTIMST @ PRINT

**PRESS INFORMATION BUREAU**
**GOVERNMENT OF INDIA**
**THIRUVANANTHAPURAM**

| | | |
|---|---|---|
| 1 | Name of the publication | Deepika |
| 2 | Page no | 3 |
| 3 | Date | 18-10-2022 |
| 4 | Language of publication | Malayalam |
| 5 | Place of publication | Thiruvananthapuram |

## ആരോഗ്യ ഉപകരണങ്ങൾക്ക് ചൈനയെ ആശ്രയിക്കുന്നതിന് അറുതി വരുത്തുക ലക്ഷ്യം: ഡോ. വി.കെ. സാരസ്വത്

**തിരുവനന്തപുരം:** ആരോഗ്യ ഉപകരണങ്ങൾക്കും അനുബന്ധ യന്ത്ര ഭാഗങ്ങൾക്കും ചൈനയെ ആശ്രയിക്കുന്ന സ്ഥിതിവിശേഷത്തിന് അറുതിവരുത്തുകയാണു ലക്ഷ്യമെന്നു ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റും നിതി ആയോഗ് അംഗവുമായ ഡോ. വി.കെ. സാരസ്വത്. ആരോഗ്യമേഖലക്കാവശ്യമായ ഉപകരണങ്ങൾ രൂപകൽപന ചെയ്യുന്ന ശ്രീചിത്ര അവ മാർക്കറ്റിലെത്തിക്കാൻ തയ്യാറെടുത്തുള്ള വ്യവസായമേഖലയെ ക്ഷണിക്കുകയാണെന്നും സാരസ്വത് പത്രസമ്മേളനത്തിൽ പറഞ്ഞു. നിർമ്മിത ബുദ്ധിയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന യന്ത്രോപകരണങ്ങളും, സുസ്ഥിരവികസനവുമാണ് ഇന്ന് ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികളെന്നും അവ നേരിടാൻ വിദ്യാഭ്യാസം, നയപരിപാടികൾ, പരിശീലനം എന്നിവ ശക്തമാക്കണമെന്നും ശാസ്ത്ര സാങ്കേതിക വകുപ്പ് മുൻ സെക്രട്ടറി പ്രഫ. അശുതോഷ് വർമ പറഞ്ഞു.

| 1 | Name of the publication | Janmabhumi |
|---|---|---|
| 2 | Page no | 6 |
| 3 | Date | 18-10-2022 |
| 4 | Language of publication | Malayalam |
| 5 | Place of publication | Thiruvananthapuram |

## ചൈനയെ ആശ്രയിക്കുന്നതിന്, അറുതി വരുത്തുക ലക്ഷ്യം: ഡോ. വി.കെ. സാരസ്വത്

**തിരുവനന്തപുരം:** ആരോഗ്യ ഉപകരണങ്ങൾക്കും അനുബന്ധ യന്ത്ര ഭാഗങ്ങൾക്കും ചൈനയെ ആശ്രയിക്കുന്ന സ്ഥിതിവിശേഷത്തിന് അറുതിവരുത്തി തദ്ദേശീയമായി ഉപകരണങ്ങൾ ഉത്പാദിപ്പിക്കാനുള്ള ലക്ഷ്യമാണ് നരേന്ദ്ര മോദി സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരുന്നതെന്ന് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റും നീതി ആയോഗ് അംഗവുമായ ഡോ. വി.കെ. സാരസ്വത്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച 'മെഡിക്കൽ ഉപകരണങ്ങൾ: 2047ലേക്കുള്ള പരിവർത്തനവും ദിശാബോധവും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച 'ശ്രീചിത്ര കോൺക്ലേവ് 2022'ന്റെ പരിപാടിയിൽ പങ്കെടുത്തശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മെഡിക്കൽ ഉപകരണങ്ങളുടെ രൂപകൽപ്പനയ്ക്കായി ഡോക്ടർമാർ, ശാസ്ത്രജ്ഞന്മാർ, വ്യവസായികൾ എന്നിവരുടെ കൂട്ടായ്മ സൃഷ്ടിക്കുകയാണ് കോൺക്ലേവ് ലക്ഷ്യമിടുന്നത്. ഉപകരണങ്ങൾ രൂപകൽപന ചെയ്യുന്ന ശ്രീചിത്ര, അവ മാർക്കറ്റിലെത്തിക്കാൻ വ്യവസായമേഖലയെ ക്ഷണിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ആഗോള കമ്പോളം ആവശ്യപ്പെടുന്ന അമേരിക്കൻ നിർമ്മിത ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ നിലവാരമുള്ള മെഡിക്കൽ ഉപകരണങ്ങൾ മേക്ക് ഇൻ ഇന്ത്യ വഴി നിർമിച്ച് ലോകമെങ്ങും വിറ്റഴിക്കാനുള്ള സാഹചര്യം ഒരുക്കുമെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി പ്രൊഫ. എസ്. ചന്ദ്രശേഖർ പറഞ്ഞു. ശാസ്ത്ര സാങ്കേതിക വകുപ്പ് മുൻ സെക്രട്ടറി പ്രൊഫ. അശുതോഷ് വർമ്മ, കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. മോഹൻ കുന്നുമ്മൽ, ഐഐടി മുംബൈയിലെ പ്രൊഫ. ബി. രവി, മൊഹന്തി എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

| 1 | Name of the publication | Madhyamam |
|---|---|---|
| 2 | Page no | 3 |
| 3 | Date | 18-10-2022 |
| 4 | Language of publication | Malayalam |
| 5 | Place of publication | Thiruvananthapuram |



# രാജ്യത്തിന്റെ ആരോഗ്യമേഖല ഏത് പ്രതിസന്ധിയെയും അതിജീവിക്കും -വി. മുരളീധരൻ

● ശ്രീചിത്ര കോൺക്ലേവ് 2022 സംഘടിപ്പിച്ചു

**തിരുവനന്തപുരം:** കോവിഡിനെതിരായ മികച്ച പ്രതിരോധത്തിലൂടെ രാജ്യത്തിന്റെ ആരോഗ്യമേഖല ഏത് പ്രതിസന്ധിയെയും അതിജീവിക്കുമെന്ന് തെളിയിച്ചെന്ന് കേന്ദ്രമന്ത്രി വി. മുരളീധരൻ.

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച ശ്രീചിത്ര കോൺക്ലേവ് 2022 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോവിഡ് കാലത്ത് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരിശോധനഫലം ലഭിക്കുന്ന ടെസ്റ്റ് കിറ്റ് വികസിപ്പിച്ചതിലൂടെ ശ്രീചിത്ര ആത്മനിർഭരതയുടെ മികച്ച മാതൃകയായി. മെഡിക്കൽ ഉൽപന്ന നിർമാണമേഖലയിൽ രാജ്യം സ്വയംപര്യാപ്തത കൈവരിക്കുകയാണ് കേന്ദ്ര സർക്കാറിന്റെ ലക്ഷ്യം.

ജപ്പാൻ, ചൈന, ദക്ഷിണ കൊറിയ എന്നിവ കഴിഞ്ഞാൽ ഏഷ്യയിലെ നാലാമത്തെ വലിയ മെഡിക്കൽ ഉപകരണ വിപണി ഇന്ത്യയാണെന്നും അദ്ദേഹം പറഞ്ഞു. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. വി.കെ. സാരസ്വത് അധ്യക്ഷതവഹിച്ചു.

മന്ത്രി വീണ ജോർജിന്റെ വിഡിയോ സന്ദേശം ചടങ്ങിൽ അവതരിപ്പിച്ചു. കേന്ദ്ര ആരോഗ്യവിഭാഗം ഡയറക്ടർ ജനറൽ പ്രഫ. അതുൽ ഗോയൽ, കേന്ദ്ര ശാസ്ത്ര സാങ്കേതിക സെക്രട്ടറി പ്രഫ. എസ്. ചന്ദ്രശേഖർ, കേരള മെഡിക്കൽ ടെക്നോളജി കൺസോർട്യം സ്പെഷൽ ഓഫിസർ സി. പത്മകുമാർ എന്നിവർ സംസാരിച്ചു.

# SCTIMST @ PRINT

| | | |
|---|---|---|
| 1 | Name of the publication | Kerala Kaumudi |
| 2 | Page no | 2 |
| 3 | Date | 18-10-2022 |
| 4 | Language of publication | Malayalam |
| 5 | Place of publication | Thiruvananthapuram |




ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെ നേതൃത്വത്തിൽ 'മെഡിക്കൽ ഉപകരണങ്ങൾ: 2047 വരെയുള്ള പരിവർത്തനവും ദിശാബോധവും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ശ്രീചിത്ര കോൺക്ലേവ് കേന്ദ്രമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

## ആരോഗ്യമേഖല അതിജീവിക്കുമെന്ന് തെളിയിച്ചു: വി.മുരളീധരൻ

തിരുവനന്തപുരം: കൊവിഡിനെതിരായ മികച്ച പ്രതിരോധത്തിലൂടെ രാജ്യത്തിന്റെ ആരോഗ്യമേഖല ഏത് പ്രതിസന്ധിയെയും അതിജീവിക്കുമെന്ന് തെളിയിച്ചതായി കേന്ദ്രമന്ത്രി വി.മുരളീധരൻ. തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ശ്രീചിത്ര കോൺക്ലേവ് 2022 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

2020 മാർച്ചിന് മുമ്പ് പി.പി.ഇ കിറ്റുകളുടെ ഉത്പാദനമില്ലാതിരുന്ന രാജ്യത്ത് ഇപ്പോൾ 23 ലക്ഷത്തിലധികം കിറ്റുകൾ നിർമ്മിക്കുകയും കയറ്റിഅയയ്ക്കുകയും ചെയ്യുന്നു.

പ്രധാനമന്ത്രി മുന്നോട്ടുവച്ച ആത്മനിർഭരത എന്ന ആശയത്തെ ആദ്യം പ്രാവർത്തികമാക്കിയത് ആരോഗ്യമേഖലയിലാണെന്നും കൊവിഡുകാലത്ത് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരിശോധനാഫലം ലഭിക്കുന്ന ടെസ്റ്റ് കിറ്റ് വികസിപ്പിച്ചതിലൂടെ ശ്രീചിത്ര ആത്മനിർഭരതയുടെ മികച്ച മാതൃകയായെന്നും അദ്ദേഹം പറഞ്ഞു.

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. വി.കെ. സാരസ്വത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി വീണാ ജോർജിന്റെ വീഡിയോസന്ദേശം പ്രദർശിപ്പിച്ചു. കേന്ദ്രശാസ്ത്രസാങ്കേതികവകുപ്പിന്റെ സെക്രട്ടറി ഡി. അശുതോഷ് ശർമ്മ പാർത്ഥസാരഥി സ്മാരകപ്രഭാഷണം നടത്തി.

കേന്ദ്ര ആരോഗ്യ വിഭാഗം ഡയറക്ടർ ജനറൽ അതുൽ ഗോയൽ, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി എസ്. ചന്ദ്രശേഖർ, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം സ്പെഷ്യൽ ഓഫീസർ സി.പത്മകുമാർ, ശ്രീചിത്ര ഡയറക്ടർ സഞ്ജയ് ബെഹാരി, ബയോമെഡിക്കൽ ടെക്നോളജി വിഭാഗം മേധാവി ഡോ.എച്ച്.കെ.വർമ്മ എന്നിവർ സംസാരിച്ചു.

# SCTIMST @ PRINT

| | | |
|---|---|---|
| 1 | Name of the publication | Malayala Manorama |
| 2 | Page no | 7 |
| 3 | Date | 18-10-2022 |
| 4 | Language of publication | Malayalam |
| 5 | Place of publication | Thiruvananthapuram |

## അവസരത്തിനൊത്ത് ഉയരാൻ ആരോഗ്യ മേഖലയ്ക്ക് കഴിയും : വി.മുരളീധരൻ

തിരുവനന്തപുരം • പ്രധാനമന്ത്രി നരേന്ദ്ര മോദി മുന്നോട്ടുവച്ച ആത്മനിർഭരത എന്ന ആശയത്തെ ആദ്യം പ്രാവർത്തികമാക്കിയത് ആരോഗ്യ മേഖലയാണെന്നു കേന്ദ്ര മന്ത്രി വി.മുരളീധരൻ. ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി സംഘടിപ്പിച്ച 'ശ്രീചിത്ര കോൺക്ലേവ് 2022' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഏതു പ്രതിസന്ധിയിലും അവസരത്തിനൊത്ത് ഉയരാൻ ഇന്ത്യയിലെ ആരോഗ്യമേഖലയ്ക്കു കഴിയുമെന്ന് കോവിഡ് മഹാമാരി കാലത്തു തെളിയിച്ചു. 2020 മാർച്ചിനു മുൻപ് ഇന്ത്യയിൽ പിപിഇ കിറ്റ് നിർമാണം നാമമാത്രമായിരുന്നെങ്കിൽ ഇപ്പോൾ അത് 23 ലക്ഷത്തിലധികമാണ്. അമേരിക്കയിലേക്ക് ഉൾപ്പെടെ പിപിഇ കിറ്റുകൾ കയറ്റുമതി ചെയ്യുന്ന രാജ്യമായി.

ആരോഗ്യ ഉൽപന്ന നിർമാണ മേഖലയിൽ രാജ്യം സ്വയം പര്യാപ്തത കൈവരിക്കുകയാണു കേന്ദ്രത്തിന്റെ ലക്ഷ്യം. മെയ്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഉപകരണ നിർമാണ പാർക്കുകൾക്ക് കേരളത്തിലടക്കം കേന്ദ്രം അനുമതി നൽകിയത് ഈ ലക്ഷ്യത്തോടെയാണ്. ലോകോത്തര നിലവാരത്തിലുള്ള മെഡിക്കൽ ഉപകരണങ്ങൾ ഇതിലൂടെ ലഭ്യമാക്കാൻ നമുക്കു സാധിക്കും. ജപ്പാൻ, ചൈന, ദക്ഷിണ കൊറിയ എന്നിവ കഴിഞ്ഞാൽ ഏഷ്യയിലെ നാലാമത്തെ വലിയ മെഡിക്കൽ ഉപകരണ വിപണിയാണ് ഇന്ത്യ. ശ്രീ ചിത്ര വികസിപ്പിച്ച പിഎപിആർ പ്യൂരിഫയിങ് റെസ്പിറേറ്റർ കിറ്റുകൾ ആരോഗ്യപ്രവർത്തകർക്കു വലിയ ആശ്വാസമാണു നൽകിയതെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ ഉപകരണങ്ങൾക്കും അനുബന്ധ യന്ത്ര ഭാഗങ്ങൾക്കും ചൈനയെ ആശ്രയിക്കുന്ന സ്ഥിതിവിശേഷത്തിന് അറുതി വരുത്താനാണു കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് അധ്യക്ഷത വഹിച്ച ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ.വി.കെ.സാരസ്വത് പറഞ്ഞു. ആരോഗ്യ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ രൂപകൽപന ചെയ്യുന്ന ശ്രീചിത്ര അവ വിപണിയിൽ എത്തിക്കാൻ വ്യവസായമേഖലയെ ക്ഷണിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി

മന്ത്രി വീണാ ജോർജ്, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മുൻ സെക്രട്ടറി പ്രഫ.അശുതോഷ് ശർമ, ജി.പാർഥസാരഥി, ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് പ്രൊഫ.അതുൽ ഗോയൽ, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി പ്രഫ.എസ് ചന്ദ്രശേഖർ, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം സ്പെഷൽ ഓഫിസർ സി.പത്മകുമാർ, ശ്രീ ചിത്ര ഡയറക്ടർ പ്രൊഫ.സഞ്ജയ് ബെഹാരി എന്നിവർ പ്രസംഗിച്ചു.